ഖുത്ബ
24.9.2004
ബയ്ത്തുൽ ഫുതൂഹ്,
ലണ്ടൻ.

بسم الله الرحمن الرحيم

# അൻസാർ വിചാരിച്ചു കഴിഞ്ഞാൽ ഓരോ വീട്ടിലും ഖുർആൻ പഠിപ്പിക്കുന്നതിനുള്ള ഏർപ്പാടുണ്ടാക്കാൻ കഴിയുന്നതാണ്.

ذٰلِكَ الْكِتٰبُ لَا رَيْبَ فِيْهِ هُدًى لِّلْمُتَّقِيْنَ (2:3)

ലോകം ഉണ്ടായകാലം മുതൽ മനുഷ്യന്റെ പരിഷ്ക്കരണത്തിനായി അല്ലാഹുതആല നിരവധി പ്രവാചകന്മാരെ അയക്കുകയുണ്ടായി. അവർ തന്റെ ജനങ്ങൾക്കുവേണ്ടി അല്ലാഹുവിൽനിന്ന് ശരീഅത്തുമായി വന്നു. തങ്ങളിൽ ഇറക്കപ്പെട്ട ഗ്രന്ഥത്തിലെ കല്പനകൾ അവർ ജനങ്ങളോടു പറഞ്ഞു. ചിലർ ചിലരുടെ ശരീഅത്തിനെ പ്രബോധിക്കുന്നതിനു വേണ്ടി വന്നവരുമായിരുന്നു. എന്തായാലും നബിമാരുടെ ഈ പരമ്പര അവരവരുടെ ജനതയ്ക്കുള്ളിൽ പരിമിതമായിരുന്നു. അവസാനം പരിപൂർണ്ണ മനുഷ്യനും ഖാത്തമുൽ അമ്പിയാഉമായ നബി (സ) തിരുമേനിയുടെ വെളിപ്പെടലുണ്ടായി. അല്ലാഹുതആല തന്റെ ശരീഅത്ത് നബി (സ) തിരുമേനിയിൽ പൂർത്തിയാക്കി. അവസാന ശരീഅത്തുഗ്രന്ഥം വിശുദ്ധഖുർആന്റെ രൂപത്തിൽ ഇറക്കുകയും ചെയ്തു. കഴിഞ്ഞു കടന്ന പ്രവാചകന്മാരുടെ എല്ലാ സംഭവങ്ങളും ഇതിൽ രേഖപ്പെടുത്തി. എല്ലാ ശരീഅത്തു നിയമങ്ങളും അതിൽ വന്നു. ഭാവിയെക്കുറിച്ചുള്ള പ്രവചനങ്ങളും അതിൽ വന്നു. നിലവിലുള്ളതും ഭാവിയിൽ വെളിപ്പെടാനുള്ളതുമായ എല്ലാ അറിവുകളും അതിൽ രേഖപ്പെടുത്തി; അറിവിന്റെയും ജ്ഞാനത്തിന്റെയും ഒരു അരുവി ഉൽഭവിച്ചതുപോലെ. പരിശുദ്ധ ഹൃദയനായിക്കൊണ്ട് ഇതിൽനിന്ന് ഫലമെടുക്കാൻ ആഗ്രഹിക്കുന്നവൻ ഇതിൽനിന്ന് ഫലമെടുക്കുമെന്ന് അല്ലാഹു പറയുന്നു. അവൻ തഖ്‌വ അഥവാ ഈശ്വരഭക്തിയിൽ മുന്നോട്ടുഗമിക്കും. അവൻ സന്മാർഗ്ഗം പ്രാപിച്ചവരിൽ ഉൾപ്പെടും. കാരണം, ഇതു സംശയമൊന്നുമില്ലാത്ത ഗ്രന്ഥമാണ്. ദൈവഭയമുള്ളവർക്ക് ഇതിൽ സന്മാർഗ്ഗമുണ്ട്.

ഹസ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു: "അതിന്റെ ഔദാര്യങ്ങളുടെയും അനുഗ്രഹങ്ങളുടെയും സമ്പത്ത് എന്നും നിലനില്ക്കുന്നതാകുന്നു. നബി (സ) തിരുമേനിയുടെ കാലത്ത് എപ്രകാരമായിരുന്നുവോ അപ്രകാരം തന്നെ അത് എല്ലാ കാലങ്ങളിലും തുറന്നതും ഒളിചിതറുന്നതുമായിരിക്കുന്നു." (മൽഫൂസാത്ത് വാല്യം 3 ഭാഗം 57)

ഇതാണ് ഈ ഗ്രന്ഥത്തിന്റെ വാദം. നിങ്ങൾ പരിശുദ്ധ ഹൃദയരായിക്കൊണ്ട് ഇതിലേക്കുവന്നാൽ, എല്ലാ മുള്ളുകളിൽ നിന്നും പൊന്തക്കാടുകളിൽ നിന്നും നിങ്ങളെ അത് രക്ഷിക്കുന്നതാണ്. നിങ്ങൾ രക്ഷപ്പെടാനാഗ്രഹിക്കുകയും, ആഗ്രഹിക്കുക മാത്രമല്ല അതിൽനിന്ന് രക്ഷപ്പെടാൻ ശ്രമിക്കുകയും, അതിനോടൊപ്പം നിങ്ങളുടെ മനസ്സിൽ ദൈവഭയം ഉണ്ടാകുകയും, അവന്റെ കല്പനകളനുസരിച്ച് നടക്കാൻ പരിശ്രമിക്കുകയും അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിന് നിങ്ങളിൽ ആഗ്രഹവും ഉത്സാഹവും ഉണ്ടാകുകയും ചെയ്താൽ ഈ ഗ്രന്ഥം സന്മാർഗ്ഗത്തിലേക്ക് നിങ്ങളെ നയിക്കുന്നതാണ്. സത്യവിശ്വാസിയും ഈശ്വരഭക്തിയുടെ പാതയിലൂടെ സഞ്ചരിക്കണമെന്ന് ആഗ്രഹിക്കുകയും ചെയ്യുന്ന മനുഷ്യൻ വിശുദ്ധഖുർആൻ പഠിക്കുകയും, മനസ്സിലാക്കുകയും ചിന്തിക്കുകയും അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുമ്പോൾ അതുമുഖേന അവൻ സന്മാർഗത്തിന്റെ വഴികൾ പ്രാപിക്കുകയും തഖ്‌വയിൽ നിലനില്ക്കുകയും അതിൽ അഭിവൃദ്ധിപ്പെട്ടുകൊണ്ടിരിക്കുകയും ചെയ്യുമെന്ന് അല്ലാഹു ഉറപ്പുതരുന്നു. വിശുദ്ധഖുർആന്റെ സന്മാർഗ്ഗം നിങ്ങളെ ഇഹലോകത്തും പരലോകത്തും വിജയിപ്പിക്കുന്നതാണ്. നിങ്ങൾ അല്ലാഹുവിന്റെ തൃപ്തിയും അവന്റെ സ്നേഹവും പ്രാപിക്കുന്നവരുമാകും. അല്ലാഹു മനുഷ്യപ്രകൃതിയേയും നല്ലവണ്ണം അറിയുന്നവനാണ്. അതുകൊണ്ട് ഈ പ്രവൃത്തി നിങ്ങളുടെ നോട്ടത്തിൽ വളരെ പ്രയാസമേറിയതാണ്. ഇതിലെ കല്പനകൾ എല്ലാവർക്കും മനസ്സിലാകുകയില്ലെന്നും മനസ്സിലാക്കാൻ പ്രയാസമാണെന്നും മനസ്സിലായാൽ തന്നെ പ്രാവർത്തികമാക്കാൻ ബുദ്ധിമുട്ടാണെന്നുമുള്ള വിചാരം നിങ്ങൾക്കുണ്ടാകരുത്. ഇതു സംബന്ധിച്ച് ഇതൊരു പ്രയാസമുള്ള കാര്യമല്ലെന്ന് വിശുദ്ധഖുർആൻ തുറന്നു പറഞ്ഞിരിക്കുന്നു. ഇത് വളരെ ലളിതമായ ഗ്രന്ഥമാണ്. എല്ലാതരക്കാർക്കും, വിവിധ കഴിവുകളുള്ളവർക്കും ഇതു വഴികാട്ടിയായിത്തീരുന്നു എന്നതാണ് ഇതിന്റെ സവിശേഷത. തെറ്റു തിരുത്തി നന്നാകാനാഗ്രഹിക്കുന്ന ഓരോരുത്തരും സന്മാർഗത്തിന്റെ വഴി അന്വേഷിക്കാനാഗ്രഹിക്കുന്നവരും സദുദ്ദേശ്യത്തോടും പരിശുദ്ധ ഹൃദയത്തോടും കൂടി ഇതു പാരായണം ചെയ്യുകയും സ്വന്തം ബുദ്ധിക്കനുസൃതമായി ചിന്തിക്കുകയും, ജീവിതം അതിന്റെ കല്പനകളനുസരിച്ച് കൊണ്ടുവരാൻ ശ്രമിക്കുകയും ചെയ്യുകയാണ് ആവശ്യം. എന്തായാലും അധ്വാനി

ക്കേണ്ടി വരികതന്നെ ചെയ്യും. ഭൗതികവസ്തു ക്കൾക്കുവേണ്ടി മനുഷ്യൻ അധ്വാനിക്കേണ്ടി വരു ന്നു. അതില്ലാതെ ഒന്നും ലഭിക്കുകയില്ല. ആഹാരം സമ്പാദിക്കാൻ എത്രയധികം ബുദ്ധിമുട്ടേണ്ടി വരു ന്നു, വെറുതെ ഇരുന്നു തിന്നുന്ന ശീലമുള്ളവരൊഴി കെ. അവർ മറ്റുള്ളവരെ ആശ്രയിച്ചിരിക്കുന്നു. ഭാര്യ യോട്, നീ പോയി സമ്പാദിച്ചുകൊണ്ടുവാ ഞാൻ വീട്ടിലിരിക്കാം എന്നു പറയുന്നവരുമുണ്ട്. ഭിക്ഷാടനം നടത്തുന്നവരും കഠിനാധ്വാനം ചെയ്യുന്നുണ്ട്. ഈ പാശ്ചാത്യദേശത്തും ഭിക്ഷയാചിക്കുന്നവർ പകൽ മുഴുവൻ പാത്രമെടുത്ത് വഴിയിലും പാർക്കുകളിലും കുത്തിയിരിക്കുന്നു. ഇതെല്ലാം ഒരു ചാൺ വയറിനു വേണ്ടി തന്നെയല്ലേ?

ഞാൻ പറഞ്ഞുവന്നത്, അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിനും സന്മാർഗം പ്രാപി ക്കുന്നതിനും തഖ്‌വ നേടുന്നതിനുംവേണ്ടി പരിശ്ര മിക്കുകയാണെങ്കിൽ നിങ്ങൾക്ക് ഈ ഗ്രന്ഥത്തിൽ നിന്ന് ഒരുപാട് ഒരുപാട് ലഭിക്കുന്നതാണ് എന്നാണ്. നിങ്ങളുടെ ഉദ്ദേശ്യം നല്ലതാണെങ്കിൽ നിങ്ങൾക്കു വേണ്ടി ഇതിനെ എളുപ്പമാക്കിത്തരുന്നതാണെന്ന് അല്ലാഹു പറയുന്നു. ഇതുവായിച്ച് പ്രവർത്തിച്ച് സന്മാർഗം പ്രാപിക്കാനുള്ള ആഗ്രഹം ഉണ്ടാകണ മെന്നു മാത്രം. അവൻ പറയുന്നു:

وَلَقَدْ يَسَّرْنَا الْقُرْآنَ لِلذِّكْرِ فَهَلْ مِنْ مُدَّكِرٍ

“തീർച്ചയായും നാം ഖുർആനിനെ ഉപദേശ ത്തിനുവേണ്ടി എളുപ്പമുള്ളതാക്കിയിരിക്കുന്നു. എന്നാൽ, ഉപദേശം കരസ്ഥമാക്കുന്ന വല്ലവനു മുണ്ടോ?” (54:41)

മനുഷ്യനെ സൃഷ്ടിക്കുകയും, അവന്റെ സ്വഭാ വത്തിന്റെ എല്ലാ കയറ്റിറക്കങ്ങളും അറിയുകയും, മനുഷ്യന് സ്വയം എത്തിപ്പെടാൻ പോലും കഴിയാത്ത അവന്റെ തന്നെ ഉള്ളിന്റെ ഉള്ളിലുള്ളതുപോലും അറിയുകയും ചെയ്യുന്ന അല്ലാഹുവിന്റെ വാദമാണി ത്. ഒരാൾക്ക് എത്ര കഴിവുകളുണ്ടെന്ന് അല്ലാഹുവിന് നല്ലവണ്ണം അറിയാം. മനുഷ്യന്റെ പ്രകൃതിയിൽ എന്തെന്തെല്ലാം ഗുണദോഷങ്ങളുണ്ടെന്നും അവന്ന റിയാം. നിങ്ങൾ ഉപദേശം കരസ്ഥമാക്കുന്നവരും, അതുവായിച്ച് അതനുസരിച്ച് പ്രവർത്തിക്കുന്നവരും ആയിത്തീരാൻ അവൻ പറഞ്ഞിരിക്കുന്നു. വെറും നാമമാത്ര മുസ്‌ലിമാകാൻ പാടില്ല. ഞങ്ങൾ ഇമാം മഹ്ദിയെ വിശ്വസിച്ചു, അതുമതി, എല്ലാം കഴിഞ്ഞു എന്നു ധരിച്ച് അതിനുശേഷം ലോകത്തിന്റെ മേൽ കമിഴ്ന്നുവീഴുന്നവരാകരുത്. ഇങ്ങനെയാണെങ്കിൽ അല്ലാഹുവിന്റെ കല്പനകളെ വിസ്മരിക്കുന്നവരായി ത്തീരും. സദുദ്ദേശ്യത്തോടെ അല്ലാഹുവിനെ പ്രാപി ക്കാനുള്ള അന്വേഷണത്തിൽ മുഴുകുന്നവരും, അവന്റെ കല്പനകളനുസരിച്ച് പ്രവർത്തിക്കുന്നവരു മാണെങ്കിൽ, മനുഷ്യപ്രകൃതിയെ പരിഗണിച്ചുകൊണ്ട് വിശുദ്ധഖുർആനിൽ വളരെ ലളിതമായ രീതിയിൽ ഉപദേശം നല്കിയിരിക്കുന്നുവെന്ന് അല്ലാഹു പറയു ന്നു. വളരെ ലളിതമായ കല്പന നല്കിയിരിക്കുന്നു. ഇതനുസരിച്ച് ഓരോരുത്തർക്കും പ്രവർത്തിക്കാൻ കഴിയും. ഞാൻ ആദ്യം പറഞ്ഞതുപോലെ, ഇതിൽ അടിസ്ഥാനപരമായ എല്ലാ സ്വഭാവങ്ങളും നിയമ ങ്ങളും വിവരിച്ചിരിക്കുന്നു. ഏറ്റവും കഴിവുകുറഞ്ഞ ഒരാൾക്കുപോലും അതനുസരിച്ച് പ്രവർത്തിക്കാൻ ഒരു പ്രയാസവും ഉണ്ടാകുകയില്ല. ആരാധനകളെ സംബന്ധിച്ചും കല്പനകളുണ്ട്. അതും ഓരോരു ത്തർക്കും അവരുടെ കഴിവുകളനുസരിച്ചാണ്. സ്ത്രീകളെ സംബന്ധിച്ച് കല്പനകളുണ്ട്. അതവരു ടെ ശക്തിയനുസരിച്ചാണ്. കുടുംബബന്ധങ്ങൾ പുലർത്തുന്നതിനെ സംബന്ധിച്ച് കല്പനകളുണ്ട്. അതും മനുഷ്യപ്രകൃതി അനുസരിച്ച് തന്നെയാണ്. സമൂഹത്തിലുള്ള ബന്ധങ്ങളേയും കൊടുക്കൽ വാങ്ങലുകളേയും സംബന്ധിച്ച് കല്പനകളുണ്ട്. നന്മ ചെയ്യണമെന്ന് വിചാരമുള്ള ഒരു സാധാരണക്കാരന് തന്നിക്കുതന്നെയും മറ്റാർക്കും നഷ്ടമുണ്ടാക്കാതെ അതനുസരിച്ച് പ്രവർത്തിക്കാൻ കഴിയും.

ഇനി എന്തെങ്കിലും കാര്യം മനസ്സിലാകാതെ വന്നാൽ - ചിലരുടെ ബുദ്ധിശക്തിയ്ക്ക് മനസ്സിലാ ക്കാൻ പ്രയാസമുള്ള ചില കല്പനകളുണ്ടാകും, ചില കാര്യങ്ങളുണ്ടാകും, അഗാധമായ ഈശ്വരജ്ഞാന ത്തിന്റെ വർണമാനങ്ങളുണ്ടാകും - അതു മനസ്സി ലാക്കിക്കൊടുക്കുന്നതിനുവേണ്ടി അല്ലാഹുതആല കൂടുതൽ കഴിവുള്ളവർക്ക് അറിവ് നല്കിയിരിക്കു ന്നു. അവർ അത്തരം പ്രശ്നങ്ങൾ എളുപ്പത്തിലാക്കി നമ്മുടെ മുമ്പിൽ വെച്ചിരിക്കുന്നു. അഹ്മദികളായ നമ്മൾ ഭാഗ്യവാന്മാരാണ്. അതായത് ഇക്കാലത്ത് ഹസ്റത്ത് മസീഹ് മൗഊദ് (അ)നെ വിശ്വസിക്കാ നുള്ള തൗഫീഖ് നമുക്കു ലഭിച്ചിരിക്കുന്നു. ആ മഹാ ത്മാവിനെ അല്ലാഹു നീതിമാനായ വിധികർത്താവായി അയച്ചിരിക്കുന്നു. അദ്ദേഹം വിശുദ്ധഖുർആന്റെ മറ ഞ്ഞിരുന്ന ജ്ഞാനത്തിന്റെ ഖജനാവുകൾ - അതി നോളം ഒരു സാധാരണക്കാരന് എത്തിപ്പെടാൻ കഴി യുമായിരുന്നില്ല - തുറന്ന് വിശദീകരിച്ചു. ഇതും നിങ്ങൾക്കുപദേശം കരസ്ഥമാക്കാൻ താല്പര്യമു ണ്ടെങ്കിൽ, നാം വിശുദ്ധഖുർആനെ എളുപ്പമാക്കിയി രിക്കുന്നു എന്ന അല്ലാഹുവിന്റെ വാഗ്ദാനവും വാദവും അനുസരിച്ച് തന്നെയാണ്. ചില ഈശ്വ ജ്ഞാനങ്ങൾ സാധാരണക്കാരന്റെ കഴിവിനെക്കാളധി കമായിരിക്കും. അവൻ മനസ്സിലാക്കുന്നതിന്നതീതമാ യിരിക്കും. അതു അവന് പറഞ്ഞു കൊടുക്കുന്നതി നുവേണ്ടി, ഞാനെന്റെ പ്രിയപ്പെട്ടവന്റെ മേൽ ജ്ഞാന ത്തിന്റെ കവാടങ്ങൾ തുറക്കുമെന്ന് അല്ലാഹു പറ യുന്നു.

ഇക്കാലഘട്ടത്തിൽ ഈ എല്ലാ കവാടങ്ങളും വാഗ്ദത്തമസീഹ്(അ), വാഗ്ദത്ത മഹ്ദിയ്ക്ക് തുറ ന്നുകൊടുത്തു. അദ്ദേഹം അത് ലളിതമാക്കി, തുറന്ന നിലയിൽ വിശുദ്ധഖുർആന്റെ ഉപദേശം നമുക്കെത്തി

ച്ചുത്തന്നിരിക്കുന്നു. അതനുസരിച്ച് നാം പ്രവർത്തിക്കേണ്ടതാണ്. അല്ലാഹുവിൽനിന്ന് അറിവ് കിട്ടി ഹസ്റത്ത് മസീഹ് മൗഊദ് (അ) പറഞ്ഞ ഈ ഉപദേശങ്ങളനുസരിച്ച് പ്രവർത്തിക്കാത്ത ആരെങ്കിലും ഉണ്ടെങ്കിൽ അത് അവരുടെ ദൗർഭാഗ്യമാണ്. വിശുദ്ധഖുർആന്റെ ഉപദേശങ്ങൾ ലളിതമായി മനസ്സിലാക്കിത്തരുന്നതിനുവേണ്ടി അല്ലാഹുതആല തന്റെ പ്രതിനിധിയെ അയച്ചു. അദ്ദേഹം പറയുന്ന കാര്യങ്ങൾ വിശ്വസിക്കാതിരിക്കുന്നത് ദൗർഭാഗ്യമല്ലെങ്കിൽ മറ്റെന്താണ്? ഇതിന്റെ ഫലമെന്താണ്? അല്ലാഹുവിന്റെ ഏതൊരു ഉപദേശങ്ങളെ, ഏതൊരു കാര്യങ്ങളെ കാലത്തിന്റെ ഇമാം അല്ലാഹുവിൽനിന്ന് അറിവ് നേടി എളുപ്പമാക്കിക്കാണിച്ചുവോ, അതിൽ ഇക്കൂട്ടർ ആക്ഷേപം ഉന്നയിക്കുന്നു. ചില കാര്യങ്ങൾ പ്രവർത്തിക്കാൻ പറ്റില്ലായെന്നു പറഞ്ഞ് തള്ളുന്നു. ചില കല്പനകൾ കാലഹരണപ്പെട്ടുവെന്നു പറയുന്നു. ചിലത് കഥകളെന്ന നിലയിൽ മാത്രം പരിഗണിക്കുന്നു. അല്ലാഹു പരിപൂർണ്ണമായ അറിവ് നല്കിയവർക്കു മാത്രമെ ചിലകാര്യങ്ങൾ മനസ്സിലാക്കാൻ പറ്റുകയുള്ളുവെന്ന് അല്ലാഹു പറഞ്ഞിട്ടുള്ളതാണ്. അല്ലാഹുവിന്റെയും അവന്റെ റസൂൽ(സ)ന്റെയും വാഗ്ദാനമനുസരിച്ച്, ഇപ്പോൾ ദീനിനെ പരിരക്ഷിക്കുന്ന ഒരു ഫയൽവാൻ വന്നിരിക്കുന്നു. നീതിമാനായ വിധികർത്താവ് വന്നിരിക്കുന്നു. അപ്പോൾ അദ്ദേഹം പറഞ്ഞ വിശദീകരണത്തെ വിശ്വസിക്കേണ്ടതും നിർബന്ധമാണ്. ഖുർആൻ പഠിക്കുകയും മനസ്സിലാക്കുകയും ചിന്തിക്കുകയും ചെയ്യണമെന്ന കാര്യം ഓരോ അഹ്മദിയും പ്രത്യേകമായും ഓർത്തിരിക്കേണ്ടതാണ്. മനസ്സിലാകാത്തകാര്യം ഹസ്റത്ത് മസീഹ് മൗഊദ് (അ)ന്റെ വിശദീകരണത്തിൽ നിന്ന് മനസ്സിലാക്കണം. അല്ലെങ്കിൽ അദ്ദേഹത്തിന്റെ മാർഗ്ഗത്തിലൂടെ വിശദീകരിച്ചുതരുന്ന ഖലീഫമാരുടെ വാക്കുകളിൽനിന്ന് മനസ്സിലാക്കേണ്ടതാണ്. അതനുസരിച്ച് പ്രവർത്തിക്കുകയും വേണം. എങ്കിൽ മാത്രമെ സന്മാർഗ്ഗത്തിന് കാരണമാകുമെന്ന് വിശുദ്ധഖുർആൻ പറഞ്ഞകൂട്ടരിൽ ഉൾപ്പെടുകയുള്ളൂ. ഇല്ലെങ്കിൽ അഹ്മദികളുടെ വാദവും ഞങ്ങൾ ഖുർആനെ ആദരിക്കുന്നുവെന്ന് വാദിക്കുന്ന അന്യരുടെ വാദം പോലെ തന്നെയായിരിക്കും. അതുകൊണ്ട് ഇതു വെറും വാദം മാത്രമാണോ എന്ന് ഓരോരുത്തരും പരിശോധന നടത്തുക. യഥാർത്ഥത്തിൽ നാം ഖുർആനെ ആദരിക്കുന്നുണ്ടോ എന്ന് നോക്കുക. കാരണം ഇന്ന് ആകാശത്തിൽ ആദരിക്കപ്പെടുന്നത് ഖുർആനെ ആദരിക്കുന്നവർ മാത്രമായിരിക്കും. ഖുർആനെ ആദരിക്കുക എന്നു പറയുന്നത്, അതിന്റെ എല്ലാ കല്പനകളുമനുസരിച്ച് പ്രവർത്തിക്കുക എന്നാണ്. ചിലയാളുകൾ തങ്ങളുടെ വീടുകളിലുള്ള ഷെൽഫുകളിൽ മനോഹരമായ തുണിയിൽ പൊതിഞ്ഞ് ഖുർആൻ കെട്ടിപ്പൂട്ടിവെയ്ക്കുകയും നേരം വെളുക്കുമ്പോൾ എടുത്ത് നെറ്റിയിൽ മുട്ടിയ്ക്കുകയും ബർക്കത്ത് കിട്ടാനുള്ളത് കിട്ടുകയും ചെയ്തു എന്ന് ധരിക്കുകയും ചെയ്യുന്നത് ഖുർആനോടുള്ള ആദരവായി മനസ്സിലാക്കാറുണ്ട്. ഇത് ദൈവിക ഗ്രന്ഥത്തെ അവഹേളിക്കലാണ്. അവർക്ക് ലോകകാര്യങ്ങൾക്ക് സമയമുണ്ട്. എന്നാൽ മനസ്സിലാക്കുന്നത് ഒരുഭാഗത്ത് ഇരിക്കട്ടെ, ഒന്നോ രണ്ടോ റുക്കൂഅ് തിലാവത്ത് ചെയ്യാൻ പോലും ഇക്കൂട്ടർക്ക് സമയം ലഭിക്കുന്നില്ല. അത്കൊണ്ട് ഓരോ അഹ്മദിയും ഇക്കാര്യത്തെക്കുറിച്ച് ചിന്തിക്കേണ്ടതാണ്. അവരും അവരുടെ ഭാര്യാമക്കളും വിശുദ്ധഖുർആൻ പഠിക്കാനും അത് പാരായണം ചെയ്യാനും ശ്രദ്ധിക്കേണ്ടതാണ്. തർജ്ജമ പഠിക്കുക. പിന്നീട് ഹസ്റത്ത് മസീഹ് മൗഊദ് (അ)ന്റെ വ്യാഖ്യാനം വായിക്കുക. ഈ വ്യാഖ്യാനവും വ്യഖ്യാന ഗ്രന്ഥമെന്ന നിലയിലില്ല. എന്നാൽ വിവിധ ഗ്രന്ഥങ്ങളിൽ നിന്നും പ്രഭാഷണങ്ങളിൽ നിന്നും മൽഫൂസാത്തിൽ നിന്നും എടുത്ത് ഇത് ക്രോഡീകരിക്കപ്പെട്ടിട്ടുണ്ട്. ഇത് അറിവിന്റെ വലിയൊരു ഭണ്ഡാരമാണ്. ഇങ്ങനെ വിശുദ്ധഖുർആൻ നാം പഠിക്കുന്നില്ലെങ്കിൽ, നമ്മുടെ അവസ്ഥയെക്കുറിച്ച് ചിന്തിക്കേണ്ടതാണ്. അഹ്മദിയ്യത്ത് സ്വീകരിച്ചതിനു ശേഷം ഇക്കാര്യങ്ങൾ ജീവിതത്തിൽ പകർത്താതെ നാം അഹ്മദിയ്യത്തിൽ നിന്ന് അകന്നുപോകുന്നുവെന്ന് ഓരോരുത്തരും തങ്ങളെക്കുറിച്ച് ചിന്തിക്കേണ്ടതാണ്.

ഹസ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു: മിക്കമുസ്‌ലീങ്ങളും വിശുദ്ധഖുർആൻ ഉപേക്ഷിച്ചുകളഞ്ഞുവെന്നത് സത്യമാണ്. എങ്കിലും വിശുദ്ധഖുർആന്റെ പ്രകാശങ്ങളും അനുഗ്രഹങ്ങളും അതിന്റെ സ്വാധീനങ്ങളും എപ്പോഴും ജീവിച്ചിരിക്കുന്നതും പുതുമയാർന്നതുമാണ്. ഞാനിതിന്റെ തെളിവിനായി ഇപ്പോൾ അയക്കപ്പെട്ടിരിക്കുന്നു. അല്ലാഹുതആല എപ്പോഴും അതാത് സമയത്ത് തന്റെ ദാസന്മാരെ അതിനെ സഹായിക്കുന്നതിനുവേണ്ടി അയച്ചുകൊണ്ടിരിക്കുന്നു. കാരണം അവൻ '*ഇന്നാ നഹ്നു നസ്സൽനദിക്റ വ ഇന്നാലഹുലഹാഫിളൂൻ*' എന്ന് വാഗ്ദാനം ചെയ്തിരുന്നതാണ്. അതായത് നാം തന്നെയാണ് വിശുദ്ധഖുർആനെ ഇറക്കിയത്. നാം തന്നെ അതിനെ സംരക്ഷിക്കുന്നതാണ്.

നമുക്കും എന്തൊന്ന് കിട്ടണോ അത് വിശുദ്ധഖുർആന്റെ അനുഗ്രഹത്തിൽ നിന്നാണ് കിട്ടേണ്ടതെന്നകാര്യം ഓരോ അഹ്മദിയും ഓർക്കേണ്ടതാണ്. ഖുർആന്റെ കല്പനകളനുസരിച്ച് പ്രവർത്തിക്കുമ്പോഴാണ് അനുഗ്രഹമുണ്ടാകുന്നത്.

ഹസ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു: "ഖുർആനെ വിട്ടുകൊണ്ട് വിജയം കൈവരിക്കുക എന്നത് അസംഭവ്യവും അസാധ്യവുമായ കാര്യമാണ്. അത്തരം വിജയം ഒരു സാങ്കല്പികമാണ്. ഇതിനെ അന്വേഷിച്ചാണ് ജനങ്ങൾ ഇറങ്ങി പുറപ്പെട്ടിട്ടുള്ളത്. സ്വഹാബത്തിന്റെ മാതൃക നിങ്ങളുടെ മുന്നിൽ വയ്ക്കുക. അവർ നബി(സ) തിരുമേനിയെ പിൻപറ്റി

യപ്പോൾ, ദീനിനെ ദുൻയാവിനേക്കാൾ മുന്തിച്ചപ്പോൾ, അല്ലാഹു അവരോടു ചെയ്ത എല്ലാ വാഗ്ദാനങ്ങളും പൂർത്തിയാക്കുകയുണ്ടായി. ആരംഭത്തിൽ എതിരാളികൾ പരിഹസിച്ചിരുന്നു. സ്വതന്ത്രമായ നിലയിൽ പുറത്തു നടക്കാൻ പറ്റിയിരുന്നില്ല. അവരാണ് രാജാധിപത്യം കിട്ടുമെന്ന് വാദിച്ചിരുന്നത്. എന്നാൽ, നബി(സ) തിരുമേനിയെ പിൻപറ്റിക്കൊണ്ട്, നൂറ്റാണ്ടുകളായി തങ്ങൾക്ക് ലഭിക്കാത്തത് അവർ പ്രാപിച്ചു.''

അതുകൊണ്ട് കുട്ടികളേയും ഖുർആൻ പാരായണം ചെയ്യുന്ന ശീലമുള്ളവരാക്കിത്തീർക്കുക. സ്വയം പരായണം ചെയ്യുക. ഓരോ വീട്ടിൽ നിന്നും തിലാവത്തിന്റെ ശബ്ദം ഉയരേണ്ടതാണ്. പിന്നീട് തർജ്ജമ പഠിക്കാൻ ശ്രമിക്കുക. എല്ലാ പോഷക സംഘടനകളോടും ഞാനിതു പറയുന്നുണ്ട്. പ്രത്യേകിച്ച് അൻസാറുല്ലാഹ് ഇതിൽ ശ്രദ്ധിക്കേണ്ടതാണ്. കാരണം മൂന്നാം ഖിലാഫത്തുകാലത്ത് അവരെയാണ് ഈ ജോലി ഏൽപ്പിച്ചിരുന്നത്. തഅ്ലീമുൽ ഖുർആൻ എന്നാണ് ഇതിനു പറയുന്നത്. അൻസാർ ഇതിലേയ്ക്ക് പൂർണ്ണമായും ശ്രദ്ധിക്കുകയാണെങ്കിൽ ഓരോ വീട്ടിലും മുടങ്ങാതെ വിശുദ്ധഖുർആൻ പഠിക്കുന്നതിനും മനസ്സിലാക്കുന്നതിനുമുള്ള ക്ലാസുകൾ സംഘടിപ്പിക്കാൻ കഴിയുന്നതാണ്.

ഹസ്റത്ത് അബുമൂസാ(റ) നിവേദനം ചെയ്യുന്നു. നബി(സ) തിരുമേനി പറഞ്ഞു: "ഖുർആൻ പാരായണം ചെയ്യുകയും അതനുസരിച്ച് പ്രവർത്തിക്കുകയുംചെയ്യുന്ന സത്യവിശ്വാസി മധുരനാരങ്ങ പോലെയാണ് അതിന്റെ മണവും രുചിയും നല്ലതാണ്. ഖുർആൻ പാരായണം ചെയ്യാതിരിക്കുകയും എന്നാൽ അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുന്ന സത്യവിശ്വാസിയുടെ നില കാരക്കപോലെയാണ്. അതിന്റെ രുചി മധുരമാണെങ്കിലും അതിന് വാസനയില്ല. ഖുർആൻ പാരായണം ചെയ്യുന്ന കപടവിശ്വസിയുടെ നില 'റയ്ഹാൻ' പോലെയാണ്. അതിന്റെ മണം നല്ലതും രുചി കയ്പ്പുള്ളതുമത്രെ!. ഖുർആൻ പാരായണം ചെയ്യാത്ത കപടവിശ്വസിയുടെ നില ആട്ടങ്ങയുടേതുപോലെയാണ്. അതിന്റെ മണം നല്ലതല്ല. രുചി കയ്പ്പുള്ളതുമാണ്."

(ബുഖാരി, മുസ്ലിം)

ഈ ഹദീസിൽ പറഞ്ഞിരിക്കുന്നതിൽ നിന്ന് ഖുർആന്റെ കൂടുതൽ വിശദീകരണവും നമുക്ക് ലഭിക്കുന്നുണ്ട്. തിലാവത്ത് നിർബന്ധമാണെന്നു മാത്രമല്ല, അതുമനസ്സിലാക്കി പ്രവർത്തിക്കേണ്ടതും നിർബന്ധമാണ്. വിശുദ്ധഖുർആൻ പഠിക്കുകയും ചിന്തിക്കുകയും അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുന്നവർ, രുചിയും മണവും നല്ലതായ പഴം പോലെയാണ്. എത്ര മനോഹരമായ ഉദാഹരണമാണിത്. രുചികരമായ എന്തെങ്കിലും സാധനം മനുഷ്യൻ തിന്നാൽ വീണ്ടും തിന്നണമെന്ന ആഗ്രഹമുണ്ടാകുന്നു. ഇങ്ങനെ വിശുദ്ധഖുർആൻ പാരായണം ചെയ്യുമ്പോൾ, അവരത് മനസ്സിലാക്കുന്ന കാരണത്താൽ ഒരുതരം രുചിയുണ്ടാകുന്നതാണ്. പിന്നീട് അതനുസരിച്ച് പ്രവർത്തിക്കുമ്പോൾ, അതിന്റെ സുഗന്ധവും നാലുപാടും പരത്തുന്നവരായിത്തീരും. അതിന്റെ കല്പനകളുടെ മനോഹാരിത ഓരോരുത്തർക്കും കാണാൻകഴിയും. അത്തരക്കാരാണ് തഖ്വയിൽ അഭിവൃദ്ധിപ്പെടുന്നവരും സൻമാർഗ്ഗം പ്രാപിക്കുന്നവരും. അവരുടെ വീടിന്റെ അന്തരീക്ഷവും സ്വർഗ്ഗതുല്യമായിരിക്കും. അവരുടെ പുറത്തുള്ള അന്തരീക്ഷവും സമാധാനമയമായിരിക്കും. അവർ ഭാര്യാമക്കളോടുള്ള കടമകളും നിറവേറ്റുന്നുണ്ടാകും. അവർ മാതാപിതാക്കളോടുള്ള കടമയും നിറവേറ്റുന്നുണ്ടാകും. അവർ ചാർച്ചയെ ചേർക്കുന്നതിലും ഉന്നതനിലവാരം പുലർത്തുന്നുണ്ടാകും. അവർ അയൽവാസിയോടുള്ള കടമയും നിറവേറ്റുന്നുണ്ടാകും. അവർ തങ്ങളുടെ ഭൗതികജോലികളോടുള്ള കടമയും നിററ്റേുന്നുണ്ടാകും. അവർ ജമാഅത്തിനുള്ള സേവനങ്ങളേയും ഒരു സമ്മാനമെന്ന നിലയിൽ മനസ്സിലാക്കി തങ്ങളുടെ സമയം ചെലവഴിക്കുന്നുണ്ടാകും. എല്ലാത്തിലുമുപരിയായി അവർ അല്ലാഹുവിനെ ആരാധിക്കുന്നവരും പരമകാരുണികന്റെ ദാസരുമായിരിക്കും. അവരുടെ കുട്ടികളും അവരെ ഒരു മാതൃകയായി മനസ്സിലാക്കുന്നുണ്ടാകും. അവരുടെ ഭാര്യമാരും സന്തോഷത്തിലായിരിക്കും. അത്തരം ഭാര്യമാർ അത്തരം ഭർത്താക്കന്മാരെ പിൻപറ്റാനും ശ്രമിക്കുന്നതാണ്. അവരുടെ കർമ്മങ്ങളും അതനുസരിച്ച് വാർത്തെടുക്കാൻ ശ്രമിക്കുന്നതാണ്. ഇതങ്ങനെ അത്തരമാളുകൾ പറയാതെതന്നെ മൗനമായി നല്ല ഇടയൻമാരുടേയും മേൽനോട്ടക്കാരുടേയും മാതൃക നിലനിർത്തുന്നതാണ്. അവരുടെ അയൽവാസികളും അവർക്ക് സ്തുതി പാടുന്നുണ്ടാകും. അവരുടെ പരിസരവും സമൂഹവും അത്തരക്കാരുടെ ഗുണഗണങ്ങൾ എണ്ണുന്നുണ്ടാകും. അവരുടെ മേലുദ്യോഗസ്ഥനും അവരുടെ പ്രവർത്തനകഥകൾ കേൾക്കുന്നുണ്ടാകും. അവരുടെ കീഴുദ്യോഗസ്ഥരും അത്തരം മേലുദ്യോഗസ്ഥന്റെ സ്തുതിപാടുന്നുണ്ടാകും. അവർക്കുവേണ്ടി ബലിയാകാനും തയ്യാറാകും. അവരുടെ സ്നേഹിതരും കൂട്ടുകാരും, അവരുടെ സുഹൃദ് ബന്ധം മഹത്തരമായി അനുഭവിക്കുന്നുണ്ടാകും. ഈ ഗുണഗണങ്ങളാണ്, ഖുർആൻ പഠിച്ച് അതനുസരിച്ച് പ്രവർത്തിച്ച് ഒരു സത്യവിശ്വാസി കരസ്ഥമാക്കുന്നത്. ഇതു മാത്രമല്ല, മറ്റു നിരവധി ഗുണഗണങ്ങളുമുണ്ട്. അതുമുഴുവനും എണ്ണുക അസാധ്യമാണ്. ഇതെല്ലാം കിട്ടുന്നവനും വിശുദ്ധ ഖുർആൻ പഠിച്ച് അതനുസരിച്ച് പ്രവർത്തിക്കാതിരിക്കാൻ എങ്ങനെയാണ് കഴിയുക?

മറ്റൊരു ഉദാഹരണം പറഞ്ഞത് നോക്കുക. വീട്ടിൽ ഖുർആൻ ഓതാത്തവനും, തർജ്ജമവായിക്കാത്തവനും, അതിൽ ചിന്തിക്കാത്തവനുമായ ഒരുത്തൻ ജുമഅക്ക് പള്ളിയിൽ വരികയും, ദർസി

ലിരിക്കുകയും, നന്മയുടെ മജ്‌ലിസിൽ ഇരിക്കുകയും ചെയ്യുമ്പോൾ അവിടെ നിന്ന് ഖുർആന്റെ എന്തെങ്കിലും നിർദ്ദേശം കേട്ടാൽ ഉടനെ അതനുസരിച്ച് പ്രവർത്തിക്കാൻ തുടങ്ങുന്നു. വിശുദ്ധഖുർആൻ പഠിക്കുന്നതുകൊണ്ടും മനസ്സിലാക്കുന്നതുകൊണ്ടും ചിന്തിക്കുന്നതുകൊണ്ടും ലഭ്യമാകുന്ന ആനന്ദം അവനുണ്ടാകുകയില്ല. എന്നാൽ തന്റെ ഉള്ളിൽ മാറ്റമുണ്ടാക്കുന്നതിന് പരിശ്രമിക്കുന്നു. ഇതിലൂടേയും അവൻ കുറച്ച് ഭാഗഭാക്കാകുന്നു.

പിന്നീട് ലോകരെ കാണിക്കുന്നതിനുവേണ്ടി വിശുദ്ധഖുർആൻ പാരായണം ചെയ്യുന്നവരാണ്. വിശുദ്ധഖുർആന്റെ സുഗന്ധം ഇക്കാരണത്താൽ പരിസരത്തു നിലനിൽക്കുന്നതാണ്. സൽപ്രകൃതക്കാരാരെങ്കിലും അത് പ്രയോജനപ്പെടുത്തുകയും ചെയ്യും. എന്നാൽ കാണിക്കുന്നതിനുവേണ്ടി ഓതുന്ന ആ വ്യക്തിയ്ക്ക് ഒരു രുചിയും ഇതുകൊണ്ട് ഉണ്ടാകുകയില്ല. അവന് ഒരു സുഗന്ധവും ലഭിക്കുകയില്ല. അവന് ഒരു പ്രയോജനവുമുണ്ടാകുകയില്ല.

ഖുർആൻ പഠിക്കുകയോ, അതനുസരിച്ച് പ്രവർത്തിക്കുകയോ ചെയ്യാത്തവനെക്കുറിച്ച് പറഞ്ഞത്, കപടത അവനിൽ നിറഞ്ഞിരിക്കുന്നുവെന്നാണ്. അവന് രുചിയുമില്ല, സുഗന്ധവുമില്ല. അതിൽ നിന്ന് അവനുതന്നെ അനുഗ്രഹം ലഭിക്കുന്നില്ല. അവനെക്കൊണ്ട് ആർക്കുമൊരു നേട്ടവുമില്ല. അങ്ങനെ ആകുന്നതിൽ നിന്ന് അല്ലാഹു എല്ലാ അഹ്മദികളെയും രക്ഷിക്കുമാറാകട്ടെ.

ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. ഹസ്റത്ത് അനസ്(റ) നിവേദനം ചെയ്യുന്നു. നബി(സ) പറയുന്നു: 'ജനങ്ങളിൽ കുറച്ചാളുകൾ അഹ്‌ലുല്ലാഹ് (അല്ലാഹുവിന്റെ ആളുകൾ) ആകുന്നു.' നിവേദകൻ പറയുന്നു. അല്ലാഹുവിന്റെ റസൂലേ, അഹ്‌ലുല്ലാഹ് ആരാണെന്ന് ചോദിക്കപ്പെട്ടു. അവിടന്ന് പറഞ്ഞു. 'ഖുർആൻ പാരായണം ചെയ്യുന്നവരാണ് അഹ്‌ലുല്ലാഹ്. അവർ അല്ലാഹുവിന്റെ പ്രത്യേക ആളുകളാണ്.'

അഹ്‌ലുല്ലാഹ് ആയിത്തീരുന്നതിനുവേണ്ടി, ആദ്യ ഹദീസിൽ വിവരിക്കപ്പെട്ടതുപോലെ ഖുർആൻ പാരായണം ചെയ്യുന്നവരായിത്തീരുക. അതനുസരിച്ച് പ്രവർത്തിക്കുന്നവരായിത്തീരുക.

ഹസ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു. 'വിശുദ്ധഖുർആന് വിധേയരായി നടക്കുന്നവരാണ് വിജയം വരിക്കുന്നവർ. ഖുർആനെ വിട്ടുകൊണ്ട് വിജയം വരിക്കുക എന്നത് അസംഭവ്യവും അസാധ്യവുമായ കാര്യമാണ്.'

അതുകൊണ്ട് ഓരോ അഹ്മദിയും വിജയം വരിക്കുന്നതിനുവേണ്ടി ഈ കുറിപ്പടി പരീക്ഷിച്ചു നോക്കേണ്ടതാണ്. ദീനും പൂർണ്ണമാകും. ഭൗതീകമായ പ്രശ്നങ്ങളും പരിഹരിക്കപ്പെടും. മുസ്‌ലിംകളിൽ ഇന്ന് കലഹവും വഴക്കുമാണ്. ലോകത്തിന്റെ മുമ്പിൽ നിന്ദ്യാവസ്ഥയാണുള്ളത്. അതിനുകാരണം, അവർ ഖുർആൻ പഠിക്കുന്നില്ല അതനുസരിച്ച് പ്രവർത്തിക്കുന്നില്ല എന്നതാണ്. പഠിക്കുന്നവരാണെങ്കിൽ അതനുസരിച്ച് പ്രവർത്തിക്കുന്നില്ല. മനസ്സിലാക്കാൻ ശ്രമിക്കുന്നില്ല. അതുകൊണ്ട് ഖുർആൻ ഉപേക്ഷിച്ചതിന്റെ ഫലം ഇതുതന്നെയാകണമായിരുന്നു എന്നത് പ്രകടമാണ്. അതാണ് ഇപ്പോൾ പ്രകടമായികൊണ്ടിരിക്കുന്നത്.

ഹസ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു. "വിശുദ്ധഖുർആൻ യഥാർത്ഥ അനുഗ്രഹങ്ങളുടെ ഉറവിടവും മോക്ഷത്തിനുള്ള സത്യമായ മാർഗ്ഗവുമാണെന്നകാര്യം ഓർമിച്ചുകൊള്ളുക. ഖുർആൻ ശരീഫ് അനുസരിച്ച് പ്രവർത്തിക്കാത്തത് അവരുടെ തന്നെ തെറ്റാണ്. അതിൽ വിശ്വാസം തന്നെയില്ലാത്ത ഒരുവിഭാഗം പ്രവർത്തിക്കാത്തവരിലുണ്ട്. അവർ ഇതിനെ അല്ലാഹുവിന്റെ ഗ്രന്ഥമായി മനസ്സിലാക്കുന്നില്ല. ഇവർ വളരെ അകന്നുകിടക്കുന്നവരാണ്. എന്നാൽ അല്ലാഹുവിന്റെ ഗ്രന്ഥമാണ് വിശുദ്ധ ഖുർആൻ എന്ന് വിശ്വസിക്കുകയും മോക്ഷത്തിന്റെ ശിഫാ നൽകുന്ന കുറിപ്പടിയാണതെന്നു കരുതുകയും ചെയ്യുന്നവർ അതനുസരിച്ച് പ്രവർത്തിക്കുന്നില്ലെങ്കിൽ അതെത്രമാത്രം അത്ഭുതപ്പെടുത്തുന്ന കാര്യമാണ്. ഇവരിൽ അധികം പേരും ജീവിതത്തിലൊരിക്കലും ഇത് പാരായണം ചെയ്തിട്ടില്ലാത്തവരാണ്. അല്ലാഹുവിന്റെ ഗ്രന്ഥത്തെക്കുറിച്ച് ഇത്രമാത്രം അലസതയിലും അശ്രദ്ധയിലും കഴിയുന്ന വ്യക്തിയുടെ ഉദാഹരണം എന്താണെന്നുവെച്ചാൽ ഇന്ന അരുവി അങ്ങേയറ്റം നിർമ്മലവും മധുരമുള്ളതും ഒരുപാട് രോഗങ്ങൾക്ക് അത് ശമനൗഷധമാണെന്നും ഒരാൾക്കറിയാം. ഇത് അയാളുടെ ദൃഢമായ അറിവാണ്. എന്നാൽ, ഈ അറിവുണ്ടായിട്ടും, ദാഹമുണ്ടായിട്ടും, ഒരുപാട് രോഗങ്ങൾക്കടിപ്പെട്ടിട്ടും അയാൾ അതിന്റെയടുക്കൽ പോകുന്നില്ല. ഇതയാളുടെ എത്രമാത്രം അജ്ഞതയും ദൗർഭാഗ്യവുമാണ്. അയാൾ ആ അരുവിയിൽ പോയി വായതുറന്ന് കുടിക്കണമായിരുന്നു. അവൻ വയറുനിറയെ കുടിച്ച് ആനന്ദമാസ്വദിക്കുകയും ശിഫാ നൽകുന്ന വെള്ളത്തെ പ്രയോജനപ്പെടുത്തുകയും ചെയ്യണമായിരുന്നു. എന്നാൽ അറിവുണ്ടായിട്ടും, അറിവില്ലാത്തവനെ പോലെ ദൂരെ മാറി കിടക്കുന്നു. മരണം വന്ന് ജീവിതം അവസാനിപ്പിക്കുന്നതുവരെ അതേനിലയിൽ കിടക്കുന്നു. അയാളുടെ അവസ്ഥ വളരെയധികം പാഠം പഠിക്കേണ്ടതും ഉപദേശം നൽകുന്നതുമാണ്. മുസ്‌ലിംകളുടെ അവസ്ഥ ഇങ്ങനെ തന്നെയാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. എല്ലാവിജയത്തിന്റെയും അഭിവൃദ്ധിയുടേയും താക്കോൽ ഈ ഖുർആൻ ശരീഫ് തന്നെയാണെന്നും അതനുസരിച്ച് പ്രവർത്തിക്കേണ്ടതാണെന്നും അവർക്കറിയാം. എന്നാൽ അവർ അത് ഗൗനിക്കുന്നേയില്ല. ഒരാൾ അങ്ങേയറ്റം സഹാനുഭൂതിയോടും അനുകമ്പയോടും കൂടി, സഹാനുഭൂതിമാത്രമല്ല മറിച്ച് അല്ലാഹുവിന്റെ കല്പനയും നിർദ്ദേശവുമനുസരിച്ച്

ഈ ഭാഗത്തേക്ക് വിളിക്കുമ്പോൾ അയാളെ പെരുങ്കള്ളനെന്നും ദജ്ജാലെന്നും വിളിക്കുന്നു. ഇതിനേക്കാൾവലിയ ദയനീയത ഈ ജനതയ്ക്ക് മറ്റെന്തുവരാനാണ്?"

പറഞ്ഞു: ഈ അരുവിയെ മഹത്തായ അനുഗ്രഹമായി മനസ്സിലാക്കുകയും അതിനെ വിലമതിക്കുകയും ചെയ്യുകയായിരുന്നു മുസ്‌ലിംകൾക്ക് വേണ്ടിയിരുന്നത്. ഇപ്പോഴും അവർക്കിത് നിർബന്ധമാണ്. അതിനെ വിലമതിക്കുക എന്നതിന്റെ അർത്ഥം അതനുസരിച്ച് പ്രവർത്തിക്കലാണ്. പിന്നീട് അവർനോക്കട്ടെ, അല്ലാഹുതആല എങ്ങനെയാണ് അവർക്ക് വന്നിട്ടുള്ള വിപത്തുകളേയും നാശങ്ങളേയും അകറ്റുന്നതെന്ന്. അഹോ കഷ്ടം! മുസ്‌ലിംകൾ മനസ്സിലാക്കുകയും അല്ലാഹുതആല അവർക്കുവേണ്ടി ഒരു നല്ല മാർഗ്ഗം സൃഷ്ടിച്ചതിൽ ചിന്തിക്കുകയും ചെയ്തിരുന്നെങ്കിൽ! അതിലൂടെ സഞ്ചരിച്ച് ഫലമെടുത്തിരുന്നെങ്കിൽ!

ഇത് മറ്റുള്ളവർക്കുള്ള ഉപദേശമാണെങ്കിൽ, നമുക്കിതിൽ അതിനേക്കാൾ കൂടുതൽ ഉപദേശമാണുള്ളത്. വിശുദ്ധഖുർആനനുസരിച്ച് കർമ്മം ചെയ്യാത്തവരെ കുറിച്ച് അതിൽ വന്നിരിക്കുന്നു.

وَقَالَ الرَّسُولُ يَا رَبِّ إِنَّ قَوْمِي اتَّخَذُوا هَٰذَا الْقُرْآنَ مَهْجُورًا

ദൈവദൂതൻ പറയും. അല്ലയോനാഥാ!. എന്റെ ജനം ഈ ഖുർആനെ പുറം തള്ളിയനിലയിൽ വിട്ടുകളഞ്ഞു.(25:31)

അതുകൊണ്ട് അഹ്മദികൾ എപ്പോഴും ചിന്തിക്കേണ്ടിയിരിക്കുന്നു.കാരണം പരിസരത്തിന്റെ സ്വാധീനവും ഉണ്ടാകാറുണ്ട്. ഭൗതികത അതിജയിക്കുകയും ചെയ്യാറുണ്ട്. നിത്യവും ഖുർആൻ പാരായണം ചെയ്യാത്ത ഒരഹ്മദിയും ഉണ്ടാകാൻ പാടില്ല. അതനുസരിച്ച് കർമ്മം ചെയ്യാത്ത ഒരഹ്മദിയും ഉണ്ടാകരുത്. ഈ വചനത്തിന് വിധേയനാകുന്ന ഒരഹ്മദിയും ഉണ്ടാകാതിരിക്കാൻ അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ; അതായത് വിശുദ്ധഖുർആനെ പുറംതള്ളിക്കളയുന്ന അഹ്മദി ഉണ്ടാകാതിരിക്കട്ടെ. ഇതിനുവേണ്ടി ശ്രദ്ധിക്കേണ്ട ആവശ്യമുണ്ട് കുറവുകളെ സംബന്ധിച്ച് ഓരോരുത്തരും ആത്മ പരിശോധന നടത്തേണ്ടതാണ്, നമ്മളിൽ എന്തെങ്കിലും കുറവുണ്ടോ, നമ്മൾ ഖുർആനെ ഉപേക്ഷിച്ചിട്ടുണ്ടോ, നിത്യവും ഖുർആൻ പാരായണം ചെയ്യുന്നുണ്ടോ, തർജ്ജമ പഠിക്കാൻ ശ്രമിക്കുന്നുണ്ടോ, വ്യാഖ്യാനം പഠിക്കാൻ ശ്രമിക്കുന്നുണ്ടോ എന്നൊക്കെ പരിശോധിക്കേണ്ടതാണ്. പിൻപുറം തള്ളികളഞ്ഞു എന്നുപറഞ്ഞതിന്റെ ഉദ്ദേശ്യം, അതനുസരിച്ച് പ്രവർത്തിക്കുന്നില്ലെന്നാണ്. അല്ലാഹുവിനോടുള്ള കടമകളും സമസൃഷ്ടികളോടുള്ള കടമകളും നിറവേറ്റുന്നില്ല. ഇത്തരം അവസ്ഥയിൽ ഓരോരുത്തരും തങ്ങളെക്കുറിച്ച് വിലയിരുത്തേണ്ടതാണ്. അപ്പോൾ ഓരോരുത്തർക്കും അവരെക്കുറിച്ച് അറിയാൻ കഴിയും. ആരോടും ഒന്നും പറയേണ്ട ആവശ്യം വരികയില്ല.

ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. ഹസ്റത്ത് സുഹയ്ബ് (റ) നിവേദനം ചെയ്യുന്നു. നബി(സ) തിരുമേനി പറഞ്ഞു: "ഏതൊരുവൻ വിശുദ്ധഖുർആൻ നിഷിദ്ധമാക്കിയ കാര്യങ്ങളെ പ്രയോഗത്തിലൂടെ അനുവദനീയമാക്കിയോ അവന് ഖുർആനിൽ ഒരു വിശ്വാസവുമില്ല." അതായത് ഏതേതെല്ലാം കാര്യങ്ങളെ അല്ലാഹു വിരോധിച്ചുവോ അതിനെ അവഗണിച്ചു. വിശുദ്ധഖുർആന്റെ കല്പനകളനുസരിച്ച് പ്രവർത്തിച്ചില്ല. അത്തരം വ്യക്തി 'അൽഹംദുലില്ലാഹ്, ഞാൻ മുസൽമാനാണെ'ന്ന് ലക്ഷം പ്രാവശ്യം പറഞ്ഞാലും അല്ലാഹുവിന്റെ റസൂൽ(സ) പറയുന്നു, ഇല്ല നിങ്ങൾക്ക് ഒരു വിശ്വസവുമില്ല. കാരണം നിങ്ങൾ വിശുദ്ധഖുർആന്റെ കല്പനകളനുസരിച്ച് പ്രവർത്തിക്കുന്നില്ല.

അതുകൊണ്ട് ജനങ്ങളുടെ അവകാശങ്ങൾ തട്ടിപ്പറിച്ചെടുക്കുന്നവരും, അവരുടെ അവകാശങ്ങൾ ധ്വംസിക്കുന്നവരും ഈ ഹദീസ് കേട്ടതിനുശേഷം, തന്റെ ഈമാൻ നഷ്ടപ്പെടുന്നുണ്ടോ, ഉണ്ടെങ്കിൽ അതെങ്ങനെ തിരിച്ചുകൊണ്ടുവരാൻ കഴിയും എന്നതിനെക്കുറിച്ച് ചിന്തിക്കേണ്ടതാണ്.

ഹസ്റത്ത് ഇബ്നു അബ്ബാസ് (റ) നിവേദനം ചെയ്യുന്നു. ഹസ്റത്ത് ജിബ്‌രീൽ (അ) നബി (സ) തിരുമേനിയുടെയടുക്കൽ വന്നു. അടുത്തുതന്നെ ഒരുപാട് ഫിത്നകളുണ്ടാകുമെന്ന് പറഞ്ഞു. 'ജിബ്‌രീലേ! ഈ ഫിത്നയിൽ നിന്ന് രക്ഷപ്പെടാനുള്ള മാർഗ്ഗമെന്താണെ'ന്ന് ചോദിച്ചു. പറഞ്ഞു: 'ഫിത്നയിൽനിന്ന് രക്ഷപ്പെടാനുള്ള മാർഗ്ഗം അല്ലാഹുവിന്റെ ഗ്രന്ഥമാണ്.'

ഞാൻ മുമ്പേ പറഞ്ഞതുപോലെ, നിങ്ങളേയും നിങ്ങളുടെ സന്താനങ്ങളേയും രക്ഷിക്കുന്നതിനുവേണ്ടി അല്ലാഹുവിന്റെ ഗ്രന്ഥത്തിലേക്ക് ശ്രദ്ധിക്കുക. അതു പഠിക്കുക, അത് ഓതുക. അതിന്റെ അർത്ഥങ്ങളിലേക്കും ശ്രദ്ധിക്കുക. മുമ്പേ ഒരു ഹദീസിൽ വിവരിച്ചു കഴിഞ്ഞതുപോലെ അത് ആസ്വദിക്കുകയും അതിന്റെ സുഗന്ധം പരത്തുകയും ചെയ്യുക.

നബി (സ) തിരുമേനി പറഞ്ഞു: 'വിശുദ്ധഖുർആൻ പരസ്യമായി പാരായണം ചെയ്യുന്നവൻ പരസ്യമായി ധർമ്മം കൊടുക്കുന്നവനെപ്പോലെയാണ്. വിശുദ്ധഖുർആൻ രഹസ്യമായി പാരായണം ചെയ്യുന്നവൻ രഹസ്യമായി ധർമ്മം കൊടുക്കുന്നവനെപ്പോലെയാണ്.'

സദഖ, ബലാകളേയും, അപകടങ്ങളേയും, ഫിത്നകളേയും തടയുമെന്ന് ഒരു നിവേദനത്തിൽ വന്നിട്ടുണ്ട്. വിശുദ്ധഖുർആൻ മനസ്സിലാക്കി പഠിക്കുക എന്നത് സദഖ എന്ന നിലയിൽ സ്വീകരിക്കപ്പെടുന്നതാണ്. ഇതിന്റെ അനുഗ്രഹം കൊണ്ട് എല്ലാ ഫിത്നകളിൽ നിന്നും രക്ഷപ്പെടാൻ കഴിയും. എല്ലാ ദോഷങ്ങളിൽനിന്നും രക്ഷപ്പെടാൻ കഴിയും. പരീ

ക്ഷണത്തിൽനിന്നും രക്ഷപ്പെടാൻ കഴിയും.

ഹസ്റത്ത് അബൂഹുറയ്റ (റ) പറയുന്നു: നബി (സ) തിരുമേനി പറഞ്ഞു: രണ്ടാളുകളുടെ കാര്യത്തിലല്ലാതെ അസൂയക്കർഹതയില്ല. (അതായത് അവർക്ക് നഷ്ടമുണ്ടാക്കുന്നതിനുവേണ്ടിയല്ല) ഒരാൾക്ക് അല്ലാഹു ഖുർആൻ പ്രദാനം ചെയ്തു. അദ്ദേഹം രാവും പകലും അതു പാരായണം ചെയ്യുന്നു. അയാളോടു അസൂയ വെച്ചുപുലർത്തുന്നയാൾ പറയുന്നു: അയാൾക്കു നല്കിയ കാര്യം എനിക്കു തന്നിരുന്നെങ്കിൽ ഞാനും അങ്ങനെ ചെയ്യുമായിരുന്നു. രണ്ടാമത്തെയാൾക്ക് അല്ലാഹു സമ്പത്തു നല്കി. അയാൾ ചെലവഴിക്കേണ്ട സ്ഥാനത്ത് ചെലവഴിക്കുന്നു. അയാളോടു അസൂയ കാണിക്കുന്നവൻ പറയുന്നു: അയാൾക്കു കൊടുക്കുന്നതുപോലെ എനിക്കും തന്നിരുന്നെങ്കിൽ ഞാനും അയാൾ ചെയ്യുന്നതുപോലെ ചെയ്യുമായിരുന്നു.

വിശുദ്ധഖുർആൻ ഓതുന്നതിനും കുറച്ചു മര്യാദകളുണ്ട്. അതും ഗൗനിക്കേണ്ടതാണ്. ഹസ്റത്ത് അബ്ദുല്ലാഹിബ്നു അംറ് (റ) നിവേദനം ചെയ്യുന്നു. നബി (സ) തിരുമേനി പറഞ്ഞു: മൂന്നുദിവസത്തിനുള്ളിൽ ഖുർആൻ തീർക്കുന്നവൻ ഖുർആൻ ഒട്ടും മനസ്സിലാക്കിയിട്ടില്ല. ഒരു ദിവസംകൊണ്ടോ രണ്ടു ദിവസം കൊണ്ടോ ഖുർആൻ ഓതിത്തീർത്തുവെന്ന് പറഞ്ഞ് ചിലർ അഭിമാനം കൊള്ളാറുണ്ട്. അല്ലെങ്കിൽ ഇത്ര മിനിറ്റുകൊണ്ട് ഇത്ര ഭാഗം ഓതിത്തീർത്തുവെന്നു പറയാറുണ്ട്. റമളാൻ മാസത്തിൽ അനഹ്മദി പള്ളികളിൽ ആരാണ് വേഗത്തിൽ തറാവീഹ് നമസ്കരിപ്പിക്കുന്നത് എന്ന കാര്യത്തിൽ മത്സരമാണ് നടക്കുന്നത്. എനിക്കോർമയുണ്ട്. ഞങ്ങളുടെ യൂണിവേഴ്സിറ്റിയിൽ ഒരുദ്യോഗസ്ഥനുണ്ടായിരുന്നു. അയാൾ വലിയ നമസ്കാരക്കാരനായിരുന്നു. താൻ ഇന്ന പള്ളിയിലാണ് പോയത്, അവിടെത്തെ മൗലവി നല്ലവനാണെന്ന് അയാൾ പറയുമായിരുന്നു. അയാൾ മൂന്നുമിനിറ്റുകൊണ്ട് രണ്ട് റക്അത്ത് നമസ്കരിപ്പിച്ചു. എട്ടു റക്അത്തുകളിൽ ഖുർആന്റെ ഒരു ഭാഗം തീർത്തു. എന്തെങ്കിലും മനസ്സിലായോ എന്ന് ചോദിച്ചാലോ, അതെന്തായാലും വേണ്ടില്ല അയാൾ ഖുർആൻ മുഴുവനും ഓതിയെന്നും അതു തങ്ങൾക്കു മതിയെന്നും അയാൾ പറയുമായിരുന്നു. വാസ്തവത്തിൽ ഖുർആൻ ചിന്തിച്ചും മനസ്സിലാക്കിയും നിറുത്തിനിറുത്തി ഓതാനാണ് കല്പന.

ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. നബി (സ) തിരുമേനി പറഞ്ഞു: 'വിശുദ്ധഖുർആൻ ഈണത്തിലും മനോഹരമായും പാരായണം ചെയ്യാത്തവന് നമ്മളുമായി ഒരു ബന്ധവുമില്ല.' കാര്യം വീണ്ടും വ്യക്തമായി. നിറുത്തിനിറുത്തി മനസ്സിലാക്കി ഖുർആൻ പാരായണം ചെയ്യേണ്ടതാണ്. എങ്ങനെ പാരായണം ചെയ്യണമെന്നതിനെക്കുറിച്ച് ഹസ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു: വിശുദ്ധ ഖുർആൻ അധികമധികമായി പാരായണം ചെയ്യേണ്ടതാണ്. അതിൽ ദുആയുടെ സ്ഥലം വരുമ്പോൾ ദുആ ചെയ്യുക. ആ ദുആയിൽ പറഞ്ഞിരിക്കുന്നതെന്താണോ അത് അല്ലാഹുവിനോടു ചോദിക്കുക. ശിക്ഷയുടെ സ്ഥലം വരുമ്പോൾ അല്ലാഹുവിനോടു അഭയം തേടുക. ആ ജനത ഏതൊരു ദുഷ്കൃത്യം കൊണ്ടാണോ നശിച്ചോടുങ്ങിയത് അതിൽനിന്ന് രക്ഷപ്പെടുക. ദിവ്യബോധനത്തിന്റെ സഹായമില്ലാതെ അല്ലാഹുവിന്റെ ഗ്രന്ഥത്തോടൊപ്പം ചേർക്കുന്ന ഒരു വലിയ പദ്ധതി, അതയാളുടെ ഒരു അഭിപ്രായമാണ്. അതു ചിലപ്പോൾ തെറ്റുമാകാം. അത്തരം ഭിന്നതകൾ ഹദീസുകളിൽ കാണാം. അനാചാരങ്ങളും നൂതന നടപടികളും വർജിക്കുന്നതാണ് ഉത്തമം. അതു മുഖേന പതുക്കെപ്പതുക്കെ ശരീഅത്തിൽ നിയന്ത്രണം ഉണ്ടാകുന്നു. അത്തരം കാര്യങ്ങളിൽ സമയം ചെലവഴിക്കുന്നതിനുപകരം വിശുദ്ധഖുർആനിൽ ചിന്തിക്കുന്നതാണ് നല്ലത്. ഹൃദയം കഠിനമാണെങ്കിൽ അതിനെ മയപ്പെടുത്താൻ വിശുദ്ധഖുർആൻ ആവർത്തിച്ചാവർത്തിച്ച് പാരായണം ചെയ്യുക. എവിടെയൊക്കെ ദുആ വരുന്നുവോ അവിടെയൊക്കെ, ആ കാരുണ്യം തന്നോടൊപ്പം ഉണ്ടാകണേ എന്നാണ് സത്യവിശ്വാസി ആഗ്രഹിക്കുന്നത്.

വിശുദ്ധഖുർആൻ ഒരു പൂന്തോട്ടം പോലെയാണ്. ഒരിടത്ത് നിന്ന് ഒരു തരത്തിലുള്ള പൂക്കൾ പറിക്കുന്നു. പിന്നീട് മുന്നോട്ടുപോകുമ്പോൾ വേറൊരു തരം പൂക്കൾ പറിച്ചെടുക്കുന്നു. അതുകൊണ്ട് ഓരോ സ്ഥലത്തുനിന്നും നിങ്ങൾക്കു ചേരുന്നവിധം ഫലമെടുക്കുക. സ്വന്തം നിലയിൽ കൈ കടത്തേണ്ട ആവശ്യമെന്താണ്. അങ്ങനെ വരുമ്പോൾ നിങ്ങളെന്തിനാണ് പുതിയൊരുകാര്യം കൂട്ടിചേർത്തതെന്ന ചോദ്യമുണ്ടാകും. സൂറയാസീൻ ഇങ്ങനെ ഓതിയാൽ അനുഗ്രഹം കിട്ടുമെന്ന് പറയാൻ അല്ലാഹുവിനല്ലാതെ മറ്റാർക്കാണ് ശക്തിയുള്ളത്. (ഇങ്ങനെ ഓതിയാൽ ബർക്കത്തുണ്ടാകും അങ്ങനെ ഓതിയാൽ ബർക്കത്തുണ്ടാവില്ലെന്ന് സാധാരണ പറയാറുണ്ട്.)

അതുകൊണ്ട് ഓരോരുത്തരും ഈ ഉപദേശമനുസരിച്ച് പ്രവർത്തിക്കേണ്ടതാണ്. ഹൃദയം ശുദ്ധമാക്കാൻ ശ്രമിക്കേണ്ടതാണ്. ഇപ്രകാരം അവിടന്ന് പറഞ്ഞതുപോലെ ചിന്തിച്ചും ആലോചിച്ചതും ഖുർആൻ പാരായണം ചെയ്യേണ്ടതാണ്. എന്നിട്ട് ഓരോരുത്തരും, ഇതിൽ ഞാൻ എത്ര കല്പന പാലിക്കുന്നുണ്ടെന്ന് വിലയിരുത്തേണ്ടതാണ്. നിത്യവും ഓതുന്ന ശീലമുണ്ടെങ്കിൽ, എല്ലാ ദിവസവും ഇങ്ങനെ പരിശോധന നടത്തുകയാണെങ്കിൽ മനസ്സിൽ ഏതെങ്കിലും തിന്മ നിലനില്ക്കുമോ? ഒരിക്കലുമില്ല. ഇതും പരിശുദ്ധിയാർജിക്കുന്നതിനുള്ള ഒരു മാർഗ്ഗമായിരിക്കും.

ഹസ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു: "വിശുദ്ധഖുർആൻ അതിന്റെ ആത്മീയമായ പ്രത്യേകതകൊണ്ടും അതിന്റെ വ്യക്തിഗതമായ വെളിച്ചം കൊണ്ടും തന്റെ അനുയായികളെ തന്നിലേക്ക്

ആകർഷിക്കുന്നു. അവരുടെ ഹൃദയത്തെ പ്രകാശമയമാക്കുന്നു. വലിയ വലിയ ദൃഷ്ടാന്തങ്ങൾ കാണിച്ചുകൊണ്ട് അല്ലാഹുവുമായിട്ടുള്ള ബന്ധം സുദൃഢമാക്കുന്നു. എത്ര മാത്രമെന്നാൽ, കഷണം കഷണമാക്കണമെന്ന് ആഗ്രഹിക്കുന്ന ഖഡ്ഗത്തിനുപോലും ആ ബന്ധത്തെ മുറിച്ചു നീക്കാൻ കഴിയില്ല. അത് മനസ്സിന്റെ കണ്ണിനെ തുറപ്പിക്കുന്നു. പാപത്തിന്റെ മലീമസമായ ജലപ്രവാഹത്തെ തടയുന്നു. അല്ലാഹുവിന്റെ മാധുര്യമായ ഭാഷണം കൊണ്ടനുഗ്രഹിക്കുന്നു. അദൃശ്യകാര്യങ്ങളെക്കുറിച്ചുള്ള അറിവു നല്കുന്നു. ദുആ സ്വീകരിക്കുമ്പോൾ തന്റെ ഭാഷണം മുഖേന അതറിയിക്കുകയും ചെയ്യുന്നു."

നമ്മൾ നമ്മളെത്തന്നെയും, ഭാര്യാമക്കളേയും ഇതിലേക്ക് കൊണ്ടുവരുന്നവരായിത്തീരാൻ അല്ലാഹു അനുഗ്രഹിക്കട്ടെ. ഹൃദയത്തെ പ്രകാശമയമാക്കിത്തീർക്കുന്നവരാകുമാറാകട്ടെ. ദുആ സ്വീകാര്യതയുടെ കാഴ്ചകൾ കാണുന്നവരായിത്തീരട്ടെ.

ഞാൻ പറഞ്ഞതുപോലെ, ഖുർആൻ പഠിപ്പിക്കേണ്ട ചുമതല മൂന്നാം ഖിലാഫത്ത് കാലത്ത് അൻസാറുല്ലായെ ഏല്പിച്ചിരുന്നതാണ്. അവർ, ഖുർആൻ നിത്യവും ഓതുന്നതിലേക്കും, ഖുർആനിക അധ്യാപനം നടപ്പിൽ വരുത്തുന്നതിലേക്കും, വീടുകളെ ഈ പ്രകാശം കൊണ്ട് നിറയ്ക്കുന്നതിലേക്കും ശ്രദ്ധിക്കേണ്ടതാണെന്ന് ഞാൻ പറഞ്ഞിരുന്നു. എന്നാൽ, ഇപ്പോഴും അൻസാറിലും നൂറുശതമാനം ഖുർആൻ ഓതുന്നവരില്ല. ഇതെന്റെ കണക്കുകൂട്ടലാണ്. പരിശോധിച്ചാൽ ഇതു കാണാൻ കഴിയും. പിന്നീട് അതിന്റെ തർജമ വായിക്കുന്നവരാകണം.

ഇതിന്റെ അടിസ്ഥാനത്തിൽ, ഇന്നാണെങ്കിൽ അൻസാറുല്ലായുടെ ഇജ്തിമായും ആരംഭിക്കുകയാണ്. ഇതും അവരുടെ പരിപാടികളിലുണ്ടായിരിക്കേണ്ടതാണ്. സ്വയം പാരായണം ചെയ്യുകയും ഭാര്യാമക്കൾ ഇതു നിർവഹിക്കുന്നുണ്ടോ എന്ന് നോക്കുകയും ചെയ്യുക.

ഹസ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു: "ഞാൻ ആവർത്തിച്ചാവർത്തിച്ച് പറയുകയാണ്. ഉറക്കെ പറയുകയാണ്. വിശുദ്ധ ഖുർആനോടും നബി (സ) തിരുമേനിയോടും സത്യമായ സ്നേഹം പുലർത്തുന്നതും സത്യഹൃദയത്തോടെ പിൻപറ്റുന്നതും മനുഷ്യനെ സാഹിബെ കറാമത്ത് (ദിവ്യാത്ഭുതങ്ങൾ കാണിക്കുന്നവൻ) ആക്കിത്തീർക്കുന്നു."

വീണ്ടും അവിടന്ന് പറയുന്നു: വിശുദ്ധഖുർആനിൽ ചിന്തിക്കുക. ഇതിൽ എല്ലാമുണ്ട്. നന്മതിന്മകളുടെ വിശദീകരണമുണ്ട്. വരുംകാലങ്ങളിലെ വർത്തമാനങ്ങളുണ്ട്, തുടങ്ങി പലതും. അതുകൊണ്ട് നല്ലവണ്ണം മനസ്സിലാക്കിക്കൊള്ളുക, ആക്ഷേപത്തിനർഹമല്ലാത്ത മതത്തിന് മാത്രമെ ഇതു സമർപ്പിക്കാൻ സാധിക്കുകയുള്ളൂ. കാരണം അതിന്റെ പുതിയ പുതിയ അനുഗ്രഹങ്ങളും ഫലങ്ങളുമാണ് ലഭിക്കുന്നത്.

ഇഞ്ചീലിൽ മതകാര്യങ്ങൾ പൂർണ്ണമായും പ്രതിപാദിക്കപ്പെട്ടിട്ടില്ല. അത്, ആ അവതരിച്ച കാലത്തിനനുകൂലമായിരുന്നു. എക്കാലത്തേക്കുമുള്ളതായിരുന്നില്ല. എല്ലാ രോഗത്തിനുള്ള ചികിത്സ പറഞ്ഞിട്ടുള്ളത് വിശുദ്ധഖുർആനിൽ മാത്രമാണ്. ഈ ബഹുമതി വിശുദ്ധഖുർആനു മാത്രമാണ്. എല്ലാ ശക്തികൾക്കും ശിക്ഷണം നല്കിയിരിക്കുന്നു. വെളിപ്പെടുത്തിയ തിന്മകൾ അകറ്റാനുള്ള മാർഗ്ഗവും പറഞ്ഞുതന്നു. അതുകൊണ്ട് ഖുർആൻ ഓതിക്കൊണ്ടിരിക്കുക. ദുആ ചെയ്തുകൊണ്ടിരിക്കുക. നിങ്ങളുടെ അനക്കമടക്കമെല്ലാം അതിന് വിധേയമായി കൊണ്ടുവരാൻ പരിശ്രമിക്കുക.

വീണ്ടും അവിടന്ന് പറയുന്നു: വിശുദ്ധഖുർആൻ പഠിക്കുക, അല്ലാഹുവിനെ തൊട്ട് ഒരിക്കലും നിരാശനാവരുത്. സത്യവിശ്വാസി ഒരിക്കലും അല്ലാഹുവിനെക്കുറിച്ച് നിരാശനാവുകയില്ല. അതു സത്യനിഷേധിയുടെ ശീലമാണ്. സത്യനിഷേധികൾ നിരാശരായിത്തീരുന്നു. നമ്മുടെ ദൈവം '*അലാ കുല്ലി ശയ്ഇൻ ഖദീർ*' എന്ന ദൈവമാകുന്നു. ഖുർആനിന്റെ തർജ്ജമയും വായിക്കുക. നമസ്കാരം നല്ലനിലയിൽ അനുഷ്ഠിക്കുക. അതിന്റെ അർത്ഥവും മനസ്സിലാക്കുക. നിങ്ങളുടെ ഭാഷയിലും ദുആ ചെയ്യുക. ഖുർആനെ നിസ്സാര ഗ്രന്ഥമാണെന്ന് കരുതി പാരായണം ചെയ്യരുത്. അല്ലാഹുവിന്റെ കലാമാണെന്ന് മനസ്സിലാക്കി ഓതുക.

അല്ലാഹു നമുക്കു തൗഫീഖ് നല്കുമാറാകട്ടെ. നമ്മൾ ഖുർആന്റെ സ്ഥാനം മനസ്സിലാക്കുന്നവരായിത്തീരട്ടെ. നമ്മുടെയും നമ്മുടെ മക്കളുടെയും ജീവിതം നന്നാക്കിത്തീർക്കുന്നവരായിത്തീരട്ടെ. ഹസ്റത്ത് മസീഹ് മൗഊദ് (അ) ന്റെ ഉപദേശം ജീവിതത്തിൽ പകർത്തുന്നവരായിത്തീരട്ടെ.

---

വിവർത്തനം : മുഹമ്മദ് ഇസ്മായീൽ H.A ആലപ്പുഴ

**JUMUA KHUTHBA**
**HADHRAT MIRZA MASROOR AHMAD**
**KHALIFATHUL MASIH - V**
**on 24- 09- 2004 at**
**Baithul Futuh, London.**

Page Layout & Type Set : Majlis Khuddamul Ahmadiyya, Kakkanad
Published by : **Majlis Khuddamul Ahmadiyya, Kerala**